(ഡി) വരുമാനത്തിന്റെ കാര്യത്തിൽ വികലാംഗർ നൽകുന്ന സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ പാസ് പുതുക്കി നൽകുന്നുണ്ട്. സംശയിക്കത്തക്ക സാഹചര്യത്തിൽ അന്വേഷണം നടത്തിയശേഷമേ പാസ് പുതുക്കി നൽകാറുള്ളൂ.

ബോഡി ബിൽഡിംഗ് നിർത്തിവയ്ക്കാനിടയായ സാഹചര്യം

119 [3524] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെ. എസ്. ആർ. ടി. സി. ഡിപ്പോകളിൽ ബോഡി ബിൽഡിംഗ് നിർത്തിവയ്ക്കാനിടയായ സാഹചര്യം എന്തായിരുന്നെന്ന് വിശദീകരിക്കാമോ;

(ബി) ഈ നടപടി കെ. എസ്. ആർ. ടി. സി.-യുടെ താൽപ്പര്യങ്ങൾക്ക് വിപരീതവും സ്വകാര്യ ബോഡി ബിൽഡേഴ്സിന് സഹായകരമാകുന്നതുമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ബോഡി ബിൽഡിംഗ് നിർത്തിവച്ചിട്ടില്ല. സാമ്പത്തിക സ്ഥിതി മോശമായ കാരണത്താൽ ചേസിസിന്റെ ദൗർലഭ്യം മൂലമാണ് ബോഡി ബിൽഡിംഗ് കുറഞ്ഞത്.

(ബി) സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ട നിലയ്ക്ക് ബോഡി ബിൽഡിംഗ് പുനരാരംഭിച്ചിട്ടുണ്ട്.

കോച്ച് ബിൽഡർ തസ്തിക

120 [3525] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിലേക്ക് കോച്ച് ബിൽഡർ തസ്തികയിലേക്കുള്ള നിയമനത്തിന് പി. എസ്. സി. തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽനിന്നും നാളിതുവരെയായി എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ:

(സി) ഈ ഒഴിവുകൾ വൈകാതെ നികത്തുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോച്ച് ബിൽഡർ തസ്തികയിലേക്ക് ഇപ്പോൾ പി. എസ്. സി. ലിസ്റ്റുകളൊന്നും നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly